ഗുരുമാർഗം

അന്തർമുഖമായി ഓരോരുത്തരും ഞാനാര് എന്ന വസ്തുത തിരഞ്ഞാൽ 'ഞാൻ ഉണ്ട്' എന്ന് നല്ലപോലെ അറിയുന്നു. ഞാൻ ഇല്ല എന്ന് ഉള്ളിലൊരിക്കലും അനുഭവിക്കുന്നില്ല.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

ഉത്രം 49 - 05
ദ്വിതീയ 18 - 08
1940 ഫാൽഗുനം 02
1440 ജമാദുൽ ആഖിർ 17
1194 കുംഭം 09

കേരള സർക്കാർ

ജനങ്ങൾക്ക് ശാപവും ഭാരവും

അഡ്വ. പി. എസ്. ശ്രീധരൻപിള്ള

കേന്ദ്രം ആര് ഭരിച്ചാലും കേരളത്തിന് കുമ്പിളിൽ തന്നെ കഞ്ഞി എന്ന ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാവണമെങ്കിൽ കേന്ദ്രത്തിൽ സംസ്ഥാന സൗഹൃദ എൻ.ഡി.എ ഭരണം വന്നാൽ മാത്രം പോരാ കേരളത്തിൽ നിന്ന് ലോക് സഭയിൽ എത്തുന്നവർ എൻ.ഡി.എക്കാർ കൂടിയാവണം

ഭാരതത്തിന്റെ രാഷ്ട്രീയ പരീക്ഷണശാലയായിട്ടാണ് കേരളം അറിയപ്പെട്ടിരുന്നത്. ആദ്യമായി ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലേറ്റിയതും ആ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ ഒരു ജനമുന്നേറ്റത്തെ തുടർന്ന് പുറത്താക്കുകയും ചെയ്തതായിരുന്നു കേരളത്തിലെ ആദ്യ രാഷ്ട്രീയ പരീക്ഷണം. പിന്നീട് ഐക്യകക്ഷി ഭരണവും ഐക്യമുന്നണി ഭരണവുമൊക്കെ കേരളമാണ് ആദ്യമായി പരീക്ഷിച്ചത്. പക്ഷേ കഴിഞ്ഞ കുറേ ദശകങ്ങളായി കേരളത്തിൽ രാഷ്ട്രീയ പരീക്ഷണങ്ങൾ ഇല്ലാതായിരിക്കുന്നു. സി.പി.എം നയിക്കുന്ന ഇടതു ജനാധിപത്യ മുന്നണിയുടെയും കോൺഗ്രസ് നയിക്കുന്ന ഐക്യജനാധിപത്യ മുന്നണിയുടെയും മാറിമാറിയുള്ള ഭരണം സംസ്ഥാനരാഷ്ട്രീയം ദുർഗന്ധം വമിക്കുന്ന ജീർണാവസ്ഥയിലെത്തിച്ചിരിക്കുകയാണിപ്പോൾ. ഇത് അനുഭവിച്ച മടുത്ത ജനത ഒരു മാറ്റത്തിനായി ആഗ്രഹിക്കുന്നു. ബി.ജെ.പി നയിക്കുന്ന ദേശീയ ജനാധിപത്യ മുന്നണിക്ക് പ്രാധാന്യവും പ്രസക്തിയും നൽകുന്ന പശ്ചാത്തലമിതാണ്. മുന്നാം ബദലിന് അനുകൂലമായ സംസ്ഥാനത്തെ രാഷ്ട്രീയ കാലാവസ്ഥയാണ്, കേരളത്തിന്റെ ദൃഷ്ടിയിൽ ആസന്നമായ ലോക് സഭാ തിരഞ്ഞെടുപ്പിന്റെ സവിശേഷത.

ഒരു മൂന്നാം ബദലിന്റെ അഭാവമാണ് കേരളത്തിൽ ഇടത് വലത് മുന്നണികളെ വീണ്ടും അധികാരത്തിലേറ്റാൻ ജനങ്ങളെ നിർബന്ധിതരാക്കിയത്. നയപരിപാടികളിൽ ഇരുമുന്നണികളും തമ്മിൽ കാര്യമായ വ്യത്യാസമില്ലാതിരുന്നിട്ടും ഇവരുടെ ഭരണം പതിറ്റാണ്ടുകളായി ഇടർന്ന് കൊണ്ടേയിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പിൽ മാത്രമല്ല സംസ്ഥാനത്തു നിന്നുള്ള ലോക്സഭാംഗങ്ങളുടെ തിരഞ്ഞെടുപ്പിലും പ്രതിഫലിച്ചിരുന്നത് ഈ യു.ഡി.എഫ് എൽ.ഡി.എഫ് കേന്ദ്രീകൃത രാഷ്ട്രീയമായിരുന്നു. കേന്ദ്രമന്ത്രിസഭയിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധികളുടെ എണ്ണം ഏറെയായിരുന്ന കാലത്തും സംസ്ഥാനത്തിന് അതിന്റെ നേട്ടമുണ്ടായില്ല. കോൺഗ്രസുകാർ പോലും സ്വകാര്യസംഭാഷണത്തിൽ സമ്മതിക്കുന്ന വസ്തുതയാണ്, സംസ്ഥാനത്ത് നിന്ന് ഒരു ബി.ജെ.പിക്കാരനെയെങ്കിലും ലോക് സഭയിലേക്ക് അയയ്ക്കാതിരുന്നിട്ടും കേരളത്തിന് ഏറ്റവും കൂടുതൽ നേട്ടങ്ങൾ ഉണ്ടായത് കേന്ദ്രത്തിൽ എൻ.ഡി.എ ഭരിക്കുമ്പോളാണെന്നത്.

പക്ഷേ പിണറായി സർക്കാരിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് തിന്നുകയുമില്ല തീറ്റിക്കുകയുമില്ല എന്ന 'പുൽക്കുട്ടിലെ ശ്രീനകന്റെ നയ' മാണ്. നരേന്ദ്രമോദി സർക്കാരിന്റെ വികസനപദ്ധതികളും ജനക്ഷേമ പരിപാടികളും കേരളത്തിൽ നടപ്പിലാക്കാതെ അട്ടിമറിക്കുകയാണ് ഇടത് മുന്നണി ഭരണത്തിന് കീഴിൽ നടക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യരക്ഷാപദ്ധതിയായ 'ആയുഷ്മാൻഭാരത് ' നമ്മുടെ സംസ്ഥാനത്ത് ഇനിയും നടപ്പിലാക്കിയിട്ടില്ല. ഏറ്റവും ഒടുവിൽ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിസാൻ സമ്മാൻ നിധിയും കേരളത്തിൽ നടപ്പിലാക്കാതിരിക്കാനുള്ള കാരണങ്ങൾ തിരയുകയാണ് സംസ്ഥാനസർക്കാർ. എന്തിനേറെ സംസ്ഥാനത്തിന് ഏറെ പ്രയോജനം ചെയ്യുമെന്ന് സംസ്ഥാന ധനമന്ത്രി തന്നെ മുൻകൂട്ടി പ്രസ്താവിച്ചിരുന്ന ചരക്ക് സേവനനികുതി പിരിക്കാനുള്ള ക്രമീകരണങ്ങൾ സംവിധാനം ചെയ്യുന്നതിലും കേരള സർക്കാർ ഉപേക്ഷ കാട്ടി. കോട്ടം സംഭവിച്ചത് സംസ്ഥാനത്തിന് തന്നെ. കേന്ദ്രം ആര് ഭരിച്ചാലും കേരളത്തിന് കുമ്പിളിൽ തന്നെ കഞ്ഞി എന്ന ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാവണമെങ്കിൽ കേന്ദ്രത്തിൽ സംസ്ഥാന സൗഹൃദ എൻഡിഎ ഭരണം വന്നാൽ മാത്രം പോരാ കേരളത്തിൽ നിന്ന് ലോക് സഭയിൽ എത്തുന്നവർ എൻ.ഡി.എക്കാർ കൂടിയാവണം. അത് കൊണ്ട് ഈ ലോക് സഭാ തിരഞ്ഞെടുപ്പിൽ ഉയരുന്ന പ്രധാന മുദ്രാവാക്യം 'വീണ്ടും വരണം മോദി ഭരണം' എന്നതോടൊപ്പം കേരളത്തിൽ നിന്നുള്ളവർ മോദിക്കൊപ്പം എന്നതും കൂടിയാണ്.

എൻ.ഡി.എ സ്ഥാനാർഥികളെ ഒഴിവാക്കിയാൽ കേരളത്തിൽ നടക്കാൻ പോവുന്നത് ജനങ്ങളെ വഞ്ചിക്കുന്ന ഒരു സൗഹൃദ മത്സരമാണ്. ഇടതു മുന്നണിയെ നയിക്കുന്ന സിപിഎമ്മും വലതു മുന്നണിയെ നയിക്കുന്ന കോൺഗ്രസും അഖിലേന്ത്യാതലത്തിൽ കൈകോർക്കുകയാണെന്നത് ഇരുവരും സമ്മതിക്കുന്നു. അപ്പോൾ പിന്നെ പരസ്പരം മത്സരിക്കുന്ന എന്ന പ്രതീതി സൃഷ്ടിക്കാനുള്ള കേരളത്തിലെ പ്രചാരണം ഒരു പ്രഹസനമായി മാറുന്നു. മോദി ഭരണം തുടരണമോ വേണ്ടയോ എന്നത് മാത്രമാണ് വോട്ടർമാരുടെ മുന്നിലുള്ള ചോദ്യം. സുരക്ഷിതവും സുശക്തവുമായ ഭാരതത്തിനും ഭരണകൂടത്തിനും വേണ്ടി സമ്മതിദാനാവകാശം രേഖപ്പെടുത്തണോ അതോ ആശയ ഐക്യമില്ലാതെ അധികാരത്തിന് വേണ്ടിമാത്രമുള്ള അവിശുദ്ധ അവിയൽ കൂട്ടുകെട്ടിന് അംഗീകാരം നൽകണോ എന്നതാണ് പ്രശ്നം . ലോക് സഭയിലേക്കാണ് തിരഞ്ഞെടുപ്പെങ്കിലും ആയിരം ദിവസം പിന്നിട്ട പിണറായി ഭരണത്തിന്റെ പ്രകടനവും കേരളത്തിൽ ദേശീയ വിഷയങ്ങളോടൊപ്പം മാറ്റുരയ്ക്കപ്പെടും. ദിശാബോധമില്ലാത്ത നേതൃത്വം സംസ്ഥാനത്തിന് സംഭാവന നൽകിയിട്ടുള്ളത് വികസനമുരടിപ്പിനോടൊപ്പം സാമ്പത്തിക പ്രതിസന്ധി കൂടിയാണ്. സർക്കാർ സൃഷ്ടിയായിരുന്ന പ്രളയാനന്തര പ്രവർത്തനങ്ങളുടെ പാളിച്ചകളും പരാജയവും പാണൻമാർ നാട് നീളെ പാടി നടക്കുകയാണ്. എന്തിനും ഏതിനും കേന്ദ്രത്തെ കുറ്റം പറയുകയെന്ന കാലഹരണപ്പെട്ട വാദ്ധ്യാരിയാണ് കേരളം ഭരിക്കുന്നവരിൽ നിന്ന് കേൾക്കുന്നത്. ജനം ഇതൊക്കെ തിരിച്ചറിയുന്നു എന്നത് ലോക് സഭ തിരഞ്ഞെടുപ്പിൽ തെളിയും.

കേരളത്തിൽ ബി.ജെ.പിയുടെ ജനപിന്തുണ വർദ്ധിച്ചിട്ടുണ്ടെന്നത് പാർട്ടിയുടെ എതിരാളികൾ പോലും തല കുലുക്കി സമ്മതിക്കുന്നു. സംസ്ഥാനത്ത് ബി.ജെ.പിയുടെ രാഷ്ട്രീയ വിശ്വാസ്യത കുതിച്ചുയർന്നത് ശബരിമലയിലെ യുവതീപ്രവേശനത്തിനെതിരെ പാർട്ടി നടത്തുന്ന പ്രക്ഷോഭത്തിലൂടെയാണ്. പാർട്ടിയുടെ ജനകീയ അടിത്തറ അദ്ഭുതപൂർവമായി വികസിപ്പിക്കാനും അകന്നും അറച്ചും നിന്ന അനേകലക്ഷം ജനങ്ങളെ പാർട്ടിക്കൊപ്പം നിറുത്താനും കഴിഞ്ഞ ഏതാനും മാസങ്ങളിൽ ബി ജെപി കേരളനേതൃത്വത്തിനു കഴിഞ്ഞത് ലോക് സഭ തിരഞ്ഞെടുപ്പിൽ പാർട്ടിയുടെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതായി പാർട്ടിയെ നിരന്തരം എതിർക്കുന്ന മാദ്ധ്യമങ്ങൾ പോലും ചൂണ്ടിക്കാട്ടുന്നു. ശബരിമലയിൽ ക്ഷേത്രധ്വംസനം എന്ന സിപിഎമ്മിന്റെ രഹസ്യ അജൻഡ നടപ്പിലാക്കി പ്രതിരോധത്തിലായ പിണറായിയുടെ പാർട്ടിക്കും യുവതീപ്രവേശനവിഷയത്തിൽ പ്രത്യക്ഷസമരത്തിനിറങ്ങാതെ ഒളിച്ചുകളിച്ച കോൺഗ്രസിനും തീർച്ചയായും കനത്ത വില നൽകേണ്ടിവരും. വിശ്വാസസംരക്ഷണത്തിനായുള്ള ഭക്തജനങ്ങളുടെ സമരത്തിനൊപ്പം ഉറച്ചുനിന്നത് ബി.ജെ.പി മാത്രമാണെന്ന് കേരളീയസമൂഹം നന്ദിപൂർവം സ്മരിക്കുന്നു.

തിരഞ്ഞെടുപ്പ് സായാഹ്നത്തിലും 'ദൈവത്തിന്റെ സ്വന്തം നാട് ' രാഷ്ട്രീയകൊലപാതകങ്ങളിൽ നിന്ന് വിമുക്തമല്ല. ആയിരം ദിവസത്തെ ഭരണത്തിൽ അരുംകൊല ചെയ്യപ്പെട്ടവർ ഇരുപതിലേറെയാണ്. സി.പി.എമ്മിന്റെ കാർമികത്വത്തിൽ ചുവപ്പു ഭീകരത കഴിഞ്ഞ ദിവസം കൊന്നൊടുക്കിയത് രണ്ട് യുവാക്കളെയാണ്. കോൺഗ്രസും സി.പി.എമ്മുമായുള്ള സഹകരണത്തെപ്പറ്റി ഇരുപാർട്ടികളുടെയും നേതാക്കളും സംസാരിക്കുന്നതിനിടെയാണ് കോൺഗ്രസ് പ്രവർത്തകരെ സി.പി.എം കാപാലികർ കൊലക്കത്തിക്കിരയാക്കുന്നത്. 1957 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ നിയമവാഴ്ച തകർത്തതിന്റെ പേരിലാണ് ജവഹർലാൽ നെഹ്റു ഭരണകൂടം പിരിച്ചുവിട്ടത്. ഇപ്പോൾ അതിനെക്കാൾ ഭീകരവും ദുസ്സഹവുമായ പരിതസ്ഥിതിയിലാണ് ജനജീവിതം ഇവിടുള്ളത്. കേന്ദ്രം നൽകുന്ന സഹായങ്ങൾ ദുരുപയോഗം ചെയ്യുകയോ വകമാറി ചിലവു ചെയ്യുകയോ ചെയ്യുന്ന ആപത്കരമായ സ്ഥിതിവിശേഷമാണിവിടുള്ളത്. ജനങ്ങൾ അനുഭവിച്ച വൻ വെള്ളപ്പൊക്ക ദുരിതത്തിന്റെപേരിലും അവർക്ക് ലഭിക്കേണ്ട ആശ്വാസധനം അർഹരായവർക്ക് ലഭിച്ചില്ലെന്ന് മാത്രമല്ല അതുമായി ബന്ധപ്പെട്ട കണക്കുകൾപോലും ജനങ്ങൾക്ക് നൽകാതെ ഭരണകൂടം ഒഴിഞ്ഞുമാറുന്ന അവസ്ഥയാണുള്ളത്. അഴിമതിയിവിടെ സാർവ്വത്രികമാണ്. സംശുദ്ധവും സുതാര്യവുമായ ഒരു ഭരണകൂടം കേരളത്തിലിപ്പോഴില്ല. കോൺഗ്രസും സി.പി.എമ്മും ഒരമ്മപെറ്റമക്കളെപോലെ പരസ്പരപൂരകങ്ങളായി ഇവിടെ നിലകൊള്ളുകയാണ്. ഒന്നു വീണാൽ മറ്റൊന്ന് ഓടിയെത്തി പൊക്കിനിർത്തുന്ന അവസ്ഥയാണുള്ളത്. ഈ മുന്നണികളിൽ നിന്നുള്ള മോചനമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

ബി.ജെ.പി. സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ

അനുകരണീയ മാതൃക

മകന്റെ വിവാഹ സൽക്കാര ചടങ്ങുകൾ ഉപേക്ഷിച്ച് ആ തുക കാസർകോട്ട് ദാരുണമായി കൊല്ലപ്പെട്ട യുവ കോൺഗ്രസ് പ്രവർത്തകരിലൊരാളായ കൃപേഷിന്റെ സഹോദരിയുടെ വിവാഹച്ചെലവിനായി നൽകാനുള്ള പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ തീരുമാനം അങ്ങേയറ്റം ശ്ലാഘനീയമാണ്. രാഷ്ട്രീയ നേതാക്കൾക്കു മാത്രമല്ല, സമൂഹത്തിലെ ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കെല്ലാം അനുകരിക്കാവുന്ന മഹനീയ മാതൃകയാണിത്

മകന്റെ വിവാഹ സൽക്കാര ചടങ്ങുകൾ ഉപേക്ഷിച്ച് ആ തുക കാസർകോട്ട് ദാരുണമായി കൊല്ലപ്പെട്ട യുവ കോൺഗ്രസ് പ്രവർത്തകരിലൊരാളായ കൃപേഷിന്റെ സഹോദരിയുടെ വിവാഹച്ചെലവിനായി നൽകാനുള്ള പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ തീരുമാനം അങ്ങേയറ്റം ശ്ലാഘനീയമാണ്. രാഷ്ട്രീയ നേതാക്കൾക്കു മാത്രമല്ല, സമൂഹത്തിലെ ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവർക്കെല്ലാം അനുകരിക്കാവുന്ന മഹനീയ മാതൃകയാണിത്. ചെന്നിത്തലയുടെ പുത്രൻ രോഹിതിന്റെ വിവാഹം നടന്ന ദിവസം രാത്രിയിലാണ് കാസർകോട്ട് കൃപേഷും സുഹൃത്ത് ശരത്‌ലാലും കൊല്ലപ്പെട്ടത്. രോഹിതിന്റെയും നവവധു ശ്രീജയുടെയും ആഗ്രഹം പരിഗണിച്ചാണ് തിരുവനന്തപുരത്തും ഹരിപ്പാട്ടും വച്ച് വലിയ തോതിൽ നടത്താൻ നിശ്ചയിച്ചിരുന്ന വിവാഹ സൽക്കാരം ഉപേക്ഷിക്കുന്നതെന്ന് ചെന്നിത്തല സൂചിപ്പിച്ചിട്ടുണ്ട്. പഴകി ദ്രവിച്ച ഓല മേൽക്കൂര മാത്രമുള്ള ഒറ്റമുറി കുടിലിൽ ജീവിച്ചിരുന്ന കൃപേഷിന്റെ ദുരിത ജീവിത സാഹചര്യങ്ങൾ മാദ്ധ്യമങ്ങൾ വഴി അറിഞ്ഞപ്പോഴാണ് നവദമ്പതികൾ ഇത്തരത്തിലൊരു മാതൃകാ തീരുമാനമെടുത്തതെന്നത് ശ്രദ്ധേയമാണ്. അനേകായിരം പേർ സംബന്ധിക്കേണ്ടിയിരുന്ന വിവാഹ സൽക്കാരത്തിനായി വളരെ വലിയൊരു സംഖ്യ ചെലവാകുമായിരുന്നു. പ്രതിപക്ഷ നേതാവ് ഒരുക്കുന്ന സൽക്കാരത്തിൽ പങ്കെടുക്കാൻ താത്പര്യത്തോടെ കാത്തിരുന്നവരിൽ കുറെപേർക്കെങ്കിലും ഇച്ഛാഭംഗത്തിന് കാരണമായേക്കാമെങ്കിലും സൽക്കാരത്തിനായി ഉദ്ദേശിച്ച പണം പാവപ്പെട്ട ഒരു പെൺകുട്ടിക്ക് ഉപകരിക്കുമെങ്കിൽ അതിനെക്കാൾ വലിയ സൽപ്രവൃത്തി വേറെയില്ല. കൊല്ലപ്പെട്ട കൃപേഷിന് രണ്ട് സഹോദരിമാരാണുള്ളത്.

കഷ്ടപ്പാടുമായി കഴിയുന്ന കൃപേഷിന്റെ കുടുംബത്തെ നാനാവിധത്തിലും സഹായിക്കാൻ കോൺഗ്രസ് വലിയ സന്നാഹങ്ങൾക്ക് ഒരുങ്ങുകയാണ്. വീട് നിർമ്മിച്ച് നൽകുക എന്നതാണ് പ്രഥമ കടമ. സഹോദരിമാരുടെ വിദ്യാഭ്യാസച്ചെലവ് യുത്ത് കോൺഗ്രസ് ഏറ്റെടുക്കുമെന്ന പ്രഖ്യാപിച്ചുകഴിഞ്ഞു. കൃപേഷിനൊപ്പം വധിക്കപ്പെട്ട ശരത്‌ലാലിന്റെ കുടുംബത്തിനും സാമ്പത്തിക സഹായം നൽകാൻ കോൺഗ്രസ് തീരുമാനിച്ചിട്ടുണ്ട്.

രാഷ്ട്രീയ കൊലപാതകങ്ങൾ അനാഥമാക്കുന്ന കുടുംബങ്ങളുടെ സഹായത്തിന് അതതു പാർട്ടികൾ മാത്രം മുന്നോട്ടു വന്നാൽ പോരാ. സമൂഹം ഒന്നടങ്കം ഇതിനൊപ്പം നിൽക്കുമ്പോഴാണ് മനുഷ്യത്വം അതിന്റെ മഹനീയ നില പ്രാപിക്കുന്നത്.

രാഷ്ട്രീയ നേതാക്കൾ സമൂഹത്തിന്റെ മാതൃകാപുരുഷന്മാരായാണ് ഗണിക്കപ്പെടുന്നത്. ആ നിലയ്ക്ക് അവരുടെ പ്രവൃത്തികൾ സമൂഹത്തെ ആഴത്തിൽ സ്വാധീനിക്കുമെന്ന തീർച്ചയാണ്. ആഡംബര വിവാഹങ്ങൾ സമൂഹത്തെ നുള്ളി നോവിക്കുന്ന യാഥാർത്ഥ്യമാണിന്ന്. വിലയും നിലയും ഉള്ളവർ ആഡംബരത്തിനായി ഒഴുക്കുന്ന പണത്തിന്റെ ചെറിയൊരു ഭാഗം മതി കെട്ടുതാലി പോലും വാങ്ങാൻ പാങ്ങില്ലാതെ കല്യാണം മുടങ്ങി വീട്ടിലിരിക്കേണ്ടി വരുന്ന ഒരു സാധു പെൺകുട്ടിയെ സനാഥയാക്കാൻ. ആഡംബരമല്ല അതിരുകൾ ഭേദിക്കുന്ന അത്യാഡംബരങ്ങളാണ് വിവാഹവുമായി ബന്ധപ്പെട്ട് ചുറ്റും ഇന്നു നടക്കുന്നത്. വിവാഹധൂർത്ത് ഒഴിവാക്കാൻ വയ്യാത്ത ആചാരമായി മാറിക്കഴിഞ്ഞു. അപൂർവം ധനാഢ്യരെങ്കിലും ഇത്തരം ധൂർത്തിനൊരുങ്ങുമ്പോൾ ഒപ്പം തന്നെ ഏതാനും പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം കൂടി നടത്തിക്കൊടുക്കാനുള്ള സന്മനസ് കാണിക്കാറുണ്ട്. എന്നാൽ ഏതെങ്കിലുമൊരു രാഷ്ട്രീയ നേതാവ് അത്തരമൊരു മാതൃകാ നടപടിക്ക് തുനിഞ്ഞതായി കേട്ടിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് പുത്രവധുവിന്റെ ആഗ്രഹമനസരിച്ചാണെങ്കിൽപ്പോലും പ്രതിപക്ഷ നേതാവിന്റെ തീരുമാനം ഉചിതവും മനുഷ്യപ്പറ്റുള്ളതുമാകുന്നത്.

വധിക്കപ്പെട്ട കൃപേഷിന്റെ കരളലിയിക്കുന്ന ജീവിതസാഹചര്യങ്ങൾ കോൺഗ്രസ് നേതൃത്വത്തിനു ബോദ്ധ്യമാകാൻ ഇരുപത്തി ഒന്നാം വയസിൽ ആ യുവാവ് കൊലക്കത്തിക്ക് ഇരയാകേണ്ടിവന്നു. ഇതുപോലെ സംഘടനയ്ക്കുവേണ്ടി കൈമെയ് മറന്ന് അഹോരാത്രം വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന ആയിരക്കണക്കിനു പ്രവർത്തകർ എല്ലാ പാർട്ടികളിലും കാണും. നാടു നന്നാക്കുന്നതിനൊപ്പം ഇവരുടെ ദുരിത ജീവിതം കൂടി മെച്ചപ്പെടുത്താൻ നടപടിയെടുക്കേണ്ട ചുമതല അതതു പാർട്ടിക്കാർക്കു തന്നെയാണ്. പലപ്പോഴും ദുരന്തങ്ങൾ സംഭവിച്ചുകഴിഞ്ഞാകും സഹായവും കാരുണ്യവുമായി പാർട്ടി നേതൃത്വങ്ങൾ എത്താറുള്ളത്. കൃപേഷിന്റെ കാര്യത്തിൽത്തന്നെ കുടുംബത്തിന്റെ ദയനീയത നേരിൽ കണ്ടപ്പോഴാണ് കോൺഗ്രസ് നേതാക്കളുടെ മനസ് ദുഃഖഭാരത്താൽ വിങ്ങിപ്പൊട്ടിയത്. കൃപേഷിന്റെ ഓർക്കാപ്പുറത്തുള്ള വധമാണ് പ്രതിപക്ഷ നേതാവിനെ വലിയൊരു സത്കർമ്മം ചെയ്യാൻ പ്രേരിപ്പിച്ചത്. സാധാരണ സന്ദർഭങ്ങളിലും ഇത്തരം നല്ല മാതൃക കാട്ടാൻ രാഷ്ട്രീയ നേതാക്കൾ തയ്യാറായാൽ സമൂഹത്തിന് അത് വിലപ്പെട്ട സന്ദേശമായി മാറും. പലരുടെയും വിവാഹധൂർത്തു കണ്ട് തങ്ങളുടെ നിസഹായത ഓർത്ത് ദുഃഖമടക്കിക്കഴിയുന്ന ആയിരക്കണക്കിനു കുടുംബങ്ങളുണ്ട്. ആഡംബരത്തിനായി ചെലവിടുന്ന പണത്തിന്റെ ഒരു ഭാഗമെങ്കിലും സമൂഹത്തിലെ താഴേ തട്ടിലുള്ളവരെ സഹായിക്കാനായി മാറ്റിവച്ചാൽ എത്രയോ കുടുംബങ്ങൾ രക്ഷപ്പെടും. ഇത്തരം മഹാമനസ്കതയുടെ മുമ്പിൽ സമൂഹം തല കുമ്പിടുക തന്നെ ചെയ്യും.

എൽ.ഡി.എഫ് തറപറ്റുമെന്ന് കരുതേണ്ട

കെ. പ്രസന്നകുമാർ

വെള്ളാപ്പള്ളി നടേശൻ

തുഷാർ മത്സരിക്കുന്നതിനെക്കുറിച്ച് അറിയില്ല. അത് തീരുമാനിക്കേണ്ടത് ബി.ഡി.ജെ.എസാണ്. യോഗത്തിന് രാഷ്ട്രീയമില്ല. യോഗം ഭാരവാഹികൾ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികളാവരുതെന്നാണ് ഞാനാഗ്രഹിക്കുന്നത്

ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുമുന്നണി തകർന്നടിയുമെന്ന സർവേ ഫലങ്ങൾ പിഴയ്ക്കുമെന്നും , മുന്നണി അഭിമാനാർഹമായ വിജയം നേടുമെന്നും എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. 2014 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് 12 സീറ്റിലും,എൽ.ഡി.എഫ് എട്ട് സീറ്റിലുമാണ് വിജയിച്ചത്. എൽ.ഡി.എഫ് ഈ വിജയത്തിൽ നിന്ന് പിന്നാക്കം പോവില്ല. ഒരു സീറ്റെങ്കിലും കൂടുതൽ നേടിയാൽ സർക്കാരിനും മുന്നണിക്കും കൂടുതൽ മിടുക്കാവും. എൽ.ഡി.എഫിന്റെ വിജയം മൂന്നോ നാലോ സീറ്റിൽ ഒതുങ്ങുമെന്ന് പ്രമുഖ ചാനൽ നടത്തിയ സർവേഫലം പുറത്ത് വിട്ടതിന്റെ അടുത്ത ദിവസമാണ് 30 തദ്ദേശവാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഫലം വന്നത്. ശബരിമല ഉൾപ്പെട്ട പ്രദേശങ്ങളും ഇതിൽപ്പെടും. 16 സീറ്റും നേടിയത് ഇടതുമുന്നണിയാണ്. ഒരു സീറ്റിൽപ്പോലും ബി.ജെ.പി ജയം കണ്ടില്ല. 2016 ലെ നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടത്തിയ സർവേയിൽ പറഞ്ഞത് ഉമ്മൻചാണ്ടി സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്നായിരുന്നു. ഒടുവിൽ സംഭവിച്ചത് മറിച്ചും. ബഹുഭൂരിപക്ഷം സീറ്റുകളോടെ ഇടതുമുന്നണി ഉജ്ജ്വല വിജയം നേടി. സർക്കാർ ആയിരം ദിനം പിന്നിടുന്നതിന്റെയും ആസന്നമായ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെയും പശ്ചാത്തലത്തിൽ കേരളകൗമുദിയുമായി നടത്തിയ അഭിമുഖത്തിൽ വെള്ളാപ്പള്ളി പറഞ്ഞു.

ശബരിമല വിഷയം തിരഞ്ഞെടുപ്പിൽ ആർക്കാവും കൂടുതൽ ഗുണം നൽകുക ?

യുവതി പ്രവേശനത്തിനെതിരായി നടക്കുന്ന ഭജനയും നാമജപവും കണ്ട് തിരഞ്ഞെടുപ്പിനെ വിലയിരുത്തരുത്. നാമജപം നടത്തുന്നതിൽ നല്ലൊരു വിഭാഗവും കോൺഗ്രസുകാരാണ്. നാമജപക്കാർമാറിയാൽ നഷ്ടം കോൺഗ്രസിനായിരിക്കും.

പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസിന് അല്പം മുൻതൂക്കം ലഭിക്കാറുണ്ട്. സി.പി.എം ഇന്ത്യയിൽ ഭരണത്തിൽ വരാത്തതിനാൽ ബി.ജെ.പിക്കെതിരായി ജനം കോൺഗ്രസിന് വോട്ടുചെയ്യും. ബി.ജെ.പിക്ക് ഇത്തവണ കഴിഞ്ഞ തവണത്തെക്കാൾ വോട്ട് ശതമാനം കൂടിയേക്കാം. സീറ്റ് കിട്ടുമോയെന്ന് വ്യക്തമല്ല.

ശബരിമല വിഷയം?

സുപ്രീംകോടതി വിധിയെ അംഗീകരിക്കാതെ ഒരു സർക്കാരിനും മുന്നോട്ട് പോകാനാകില്ല. വിധി നടപ്പാക്കാൻ ശ്രമിച്ചു എന്നല്ലാതെ ഒരബദ്ധവും സർക്കാർ ചെയ്തില്ല. സർക്കാരിനെ നിരീശ്വരവാദികളും ഭക്തരുടെ വിശ്വാസം ഹനിക്കുന്നവരുമായി ചിത്രീകരിച്ച് രാഷ്ട്രീയമുതലെടുപ്പിന് ശ്രമം നടന്നു. കോൺഗ്രസും ബി.ജെ.പിയും ഇക്കാര്യത്തിൽ ഒരേ തൂവൽപക്ഷികളായി. ഇതിനെ പ്രതിരോധിക്കാനും സർക്കാരിന്റെ നിലപാടും സത്യസന്ധതയും ജനങ്ങളിലെത്തിക്കാനും കഴിഞ്ഞില്ല. സ്ത്രീ-പുരുഷ സമത്വം വിളംബരം ചെയ്യുന്ന വിധിയെ കോൺഗ്രസും ബി. ജെ. പിയുമടക്കം തുടക്കത്തിൽ സ്വാഗതം ചെയ്തതാണ്. എന്നാൽ, ആത്മീയതയെ വ്യാപാരം ചെയ്യുവർ പിന്നീട് പറഞ്ഞതെല്ലാം വിഴുങ്ങി. സർക്കാരിനെ ശബരിമല വിരോധികളും ഈശ്വര വിരോധികളുമായി മുദ്രകുത്തി.

കുന്തമുനമുഖ്യമന്ത്രി പിണറായി വിജയനെ കേന്ദ്രീകരിച്ചാണല്ലോ?

പിണറായി വിജയന്റെ സമുദായമാണ് പ്രശ്നം. ആർ. ശങ്കറെയും ഗൗരിഅമ്മയെയും അച്യുതാനന്ദനെയുമെല്ലാം സവർണലോബി ജാതിപറഞ്ഞ് ആക്ഷേപിച്ചിട്ടുണ്ട്. പിന്നാക്കക്കാരൻ ഭരിക്കണ്ട. ഈഴവൻ കുലത്തൊഴിലായ തെങ്ങ് ചെത്തിയാൽ മതിയെന്ന ധാർഷ്ട്യം . സംസ്ഥാനത്തെ 85 ശതമാനം വരുന്ന പിന്നാക്ക-അധ:സ്ഥിത - ന്യൂനപക്ഷങ്ങൾ എന്നും കുലത്തൊഴിൽ ചെയ്ത് അടിയാന്മാരായി കഴിയണമെന്നും ഭരണവും അധികാരവും തങ്ങൾ കൈകാര്യം ചെയ്യുകൊള്ളാമെന്നുമാണ് ഇള്ളത്തുരുടെ ഭാവം.

ആയിരം ദിവസം പിന്നിട്ടുന്ന ഇടതുസർക്കാരിൽ നിന്ന് പിന്നാക്ക വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ലഭിച്ചോ. ?

അങ്ങനെ കരുതാനാവില്ല. കേരള അഡ്മിന്സ്ട്രേറ്റീവ് സർവീസിൽ (കെ.എ.എസ്